2023
DECEMBER
12
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

ഗവർണറെ ആക്രമിക്കാൻ എസ്എഫ്ഐ ശ്രമം

തിരുവനന്തപുരം: തലസ്ഥാനത്ത് ഗവർണർക്കെതിരേ വീണ്ടും എസ്എഫ്ഐയുടെ കരിങ്കൊടി പ്രതിഷേധം. പ്രതിഷേധത്തിനിടെ വാഹനത്തിൽ നിന്നിറങ്ങിയ ഗവർണർ പൊലീസിനോടും പ്രതിഷേധക്കാരോടും കയർത്തു. സർവകലാശാലകളെ കാവിവൽക്കരിക്കുന്ന ആർഎസ്എസ് ഗവർണർ ഗോബാക്ക് എന്ന മുദ്രാവാക്യം ഉയർത്തിയെത്തിയ എസ്എഫ്ഐ ഗുണ്ടകൾ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ കരിങ്കൊടി കാണിക്കുകയായിരുന്നു. തിരുവനന്തപുരം വിമാനത്താവളത്തിലേക്കുള്ള യാത്രയ്ക്കിടെ പാളയത്തും പേട്ടയിലുമാണ് ഗവർണർക്കെതിരേ എസ്എഫ്ഐ ഗുണ്ടകൾ കരിങ്കൊടി കാണിച്ചത്.

പാളയത്ത് പ്രവർത്തകർ ഗവർണറുടെ കാറിൽ തട്ടി പ്രതിഷേധിച്ചതോടെ കാർ നിർത്തി പുറത്തിറങ്ങിയ ഗവർണർ പ്രവർത്തകരെ രൂക്ഷമായി വിമർശിച്ചു.സുരക്ഷാ വീഴ്ചയെന്നും ഗവർണർ ആരോപിച്ചു. ഇന്നലെ രാത്രിയോടെയായിരുന്നു സംഭവം. വാഹനത്തിൽ നിന്നും പുറത്തിറങ്ങിയ ഗനർണർ ആരിഫ് മുഹമ്മദ് ഖാൻ മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ എവിടെ ഈ ക്രിമിനലുകളും ഗുണ്ടകളുമാണോ ഭരിക്കുന്നത് എന്ന് ചോദിച്ചാണ് കയർത്തത്. മുഖ്യമന്ത്രിയും പാർട്ടിയുമാണ് ഗൂഢാലോചനയ്ക്ക് പിന്നിലെന്നും ഗവർണർ ആവർത്തിച്ചു. കാർ ആക്രമിക്കുന്നതാണോ ജനാധിപത്യം. അവർ മുഖ്യമന്ത്രിയുടെ കാർ ആക്രമിക്കുമോ. കണ്ണൂരിൽ ചെയ്തതുപോലെ എന്നെ ശാരീരികമായി ആക്രമിക്കാൻ മുഖ്യമന്ത്രി ഗൂഢാലോചന നടത്തിയതാണ് ഈ പ്രതിഷേധം.

മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമാണിത്. തൻറെ വാഹനത്തിൽ അടിച്ച ക്രിമിനലുകൾ തന്നെ അപായപ്പെടുത്താൻ ശ്രമിച്ചു. ക്രിമിനലുകളെ വെച്ചുപൊറുക്കില്ല. ജനങ്ങൾക്ക് എന്തു സുരക്ഷയാണുള്ളത്. റോഡ് ഭരിക്കാൻ ഒരു ക്രിമിനലുകളെയും ഞാൻ അനുവദിക്കില്ലെന്നും ഗവർണർ രൂക്ഷഭാഷയിൽ വിമർശിച്ചു. എസ്എഫ്ഐ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രതിഷേധം. എസ്എഫ്ഐയുടെ കൊടി വീശിയും കരിങ്കൊടി കാണിച്ചുമാണ് പ്രവർത്തകർ ഗവർണർക്ക് നേരെ എത്തിയത്. തുടർന്ന് കാറിൽ നിന്ന് പുറത്തിറങ്ങി ക്ഷുഭിതനായ ഗവർണർ മുഖ്യമന്ത്രിക്കെതിരേ രൂക്ഷ വിമർശം ഉന്നയിക്കുകയായിരുന്നു. സർവകലാശാല കാവിവത്കരിക്കുന്നുവെന്നാരോപിച്ച് കഴിഞ്ഞ ദിവസവും ഗവർണർക്കെതിരേ എസ്എഫ്ഐ പ്രതിഷേധിച്ചിരുന്നു.

വീണ്ടും വൈദ്യുതിനിരക്ക് വർധിപ്പിക്കാൻ കെഎസ്ഇബി

16 പൈസ കൂടി സർചാർജ് ആവശ്യപ്പെടും

തിരുവനന്തപുരം: വൈദ്യുതി സർചാർജിൽ വർധന ആവശ്യപ്പെട്ട് കെഎസ്ഇബി. നിലവിൽ പിരിക്കുന്ന 19 പൈസയ്ക്കു പുറമേ 16 പൈസയുടെ കൂടി വർധനയാണ് കെഎസ്ഇബി ആവശ്യപ്പെടുന്നത്. ഇതുസംബന്ധിച്ച് റെഗുലേറ്ററി കമ്മിഷൻ 28ന് വാദം കേൾക്കും.

കഴിഞ്ഞമാസം വൈദ്യുതിനിരക്ക് കൂട്ടിയ സാഹചര്യത്തിൽ ഇത് ഉപഭോക്താക്കൾക്ക് കനത്ത ആഘാതമാകുമെന്ന ചിന്തയും കമ്മീഷനുണ്ട്. ഇപ്പോൾ യൂണിറ്റിന് ഒമ്പതുപൈസ കമ്മീഷൻ അനുവദിച്ച പ്രകാരം സർചാർജായി ഈടാക്കുന്നുണ്ട്.

കഴിഞ്ഞവർഷം ഡിസംബർ വരെ വൈദ്യുതി വാങ്ങുന്നതിന് അധികം ചെലവായ 280 കോടി ഈടാക്കാനാണിത്. ഈ വർഷം മാർച്ച് മുതലുള്ള അധികച്ചെലവ് ഈടാക്കാൻ 10 പൈസ സ്വന്തം നിലയ്ക്ക് ചുമത്താനും കെഎസ്ഇബിയെ കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. അങ്ങനെ 19 പൈസയാണ് സർചാർജായി ഇപ്പോൾ ഈടാക്കുന്നത്.

KSEB
TM
കേരളത്തിന്റെ ഊർജ്ജം

ജനുവരി മുതൽ മാർച്ച് വരെയുള്ള സർചാർജിനുള്ള അപേക്ഷയാണ് ഇപ്പോൾ പരിഗണിക്കുന്നത്. 92 കോടിയാണ് ഇക്കാലത്ത് അധികം ചെലവായത്.

280 കോടി പിരിച്ചെടുക്കാൻ അനുവദിച്ചതിൽ നൂറുകോടിയിൽത്താഴെയാണ് കിട്ടിയതെന്ന് കെഎസ്ഇബി അറിയിച്ചിട്ടുണ്ട്.

അതിനാൽ, ഒമ്പതുപൈസ സർചാർജ് കൂടുതൽക്കാലം തുടരാൻ അനുവദിക്കണമെന്നും ആവശ്യമുണ്ട്. അതിനു പുറമെയാണ് സർചാർജ് ഇനത്തിൽ 16 പൈസയുടെ കൂടി വർധന കെഎസ്ഇബി ആവശ്യപ്പെടുന്നത്.

മധ്യപ്രദേശിൽ മോഹൻ യാദവ് മുഖ്യമന്ത്രിയാകും

ഭോപാൽ: മധ്യപ്രദേശിൽ മോഹൻ യാദവ് മുഖ്യമന്ത്രിയാകും. ഉജ്ജയിനിൽ നിന്നുള്ള പ്രബല ഒബിസി വിഭാഗം നേതാവാണ് അദ്ദേഹം. ബിജെപി ലെജിസ്ലേറ്റീവ് പാർട്ടി യോഗം ചേർന്നാണ് മോഹൻ യാദവിനെ തിരഞ്ഞെടുത്തത്.

ശിവരാജ് സിങ് ചൗഹാനെ മാറ്റിയാണ് പുതിയ മുഖ്യമന്ത്രിയെ നിയമിക്കാൻ ബിജെപി തീരുമാനിച്ചത്. നിരവധി ചർച്ചകൾക്കൊടുവിലാണ് മോഹൻ യാദവിനെ മുഖ്യമന്ത്രിയായി തീരുമാനിച്ചത്.

2013ലാണ് മോഹൻ യാദവ് ആദ്യമായി എംഎൽഎ ആയത്. 2018ലെ തിരഞ്ഞെടുപ്പിലും അദ്ദേഹം ജയിച്ചു. 2020 ജൂലൈയിൽ ക്യാബിനറ്റ് മന്ത്രിയായതോടെയാണ് മോഹൻ യാദവ് സംസ്ഥാന രാഷ്ട്രീയത്തിൽ ശക്തമായ സ്വാധീനം ഉറപ്പിച്ചത്. ശിവരാജ് സിങ് ചൗഹാൻ മന്ത്രിസഭയിൽ ഉന്നതവിദ്യാഭ്യാസ മന്ത്രിയായിരുന്നു അദ്ദേഹം.

ജഗദീഷ് ദേവ്ദ, രാജേഷ് ശുക്ല എന്നിവർ ഉപമുഖ്യമന്ത്രിമാരാകും. മുൻ കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര തോമർ സ്പീക്കറാകും. വരുന്ന ലോക്സഭാ തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലെ മികച്ച വിജയം തുടരുന്നതിനാണ് പുതിയ മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരെ തിരഞ്ഞെടുത്ത്.

ജമ്മുകാശ്മീർ ഇന്ത്യയുടെ അഭിവാജ്യ ഘടകം

കേന്ദ്രസർക്കാരിന്റെ നടപടി സുപ്രീംകോടതി ശരിവച്ചു

ന്യൂഡൽഹി: ഏറെ നീണ്ട ചൂടേറിയ വാദപ്രതിവാദങ്ങൾക്കൊടുവിൽ ജമ്മു കശ്മീരിനു മറ്റു സംസ്ഥാനങ്ങൾക്കില്ലാത്ത പരമാധികാരം ഇല്ലെന്നും ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നുമുള്ള സുപ്രീംകോടതി വിധി ഏറെ നിർണായകമായി. ജമ്മു കശ്മീരിന് സംസ്ഥാനപദവി തിരിച്ചു നൽകണമെന്നും 2024 സെപ്റ്റംബർ 30നകം ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പു നടത്തണമെന്നും അഞ്ചംഗ ഭരണഘടന ബെഞ്ച് നിർദേശിച്ചതും ശ്രദ്ധേയമായെന്ന് നിയമവിദഗ്ധർ ചൂണ്ടിക്കാട്ടി. ജമ്മുകശ്മീരിന്റെ പ്രത്യേകപദവി സംബന്ധിച്ച് വർഷങ്ങളായി നിലനിന്ന രാഷ്ട്രീയ, നിയമ പോരാട്ടങ്ങൾക്കാണ് ഉത്തരമായിരിക്കുന്നത്. പ്രത്യേക പദവി റദ്ദാക്കിയതിനു ശേഷം കശ്മീരിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നതെന്ന് അവകാശപ്പെടുന്ന കേന്ദ്രസർക്കാരിന് വലിയ ആശ്വാസമാണ് കോടതി വിധി നൽകുന്നത്. അഞ്ചംഗ ഭരണഘടന ബെഞ്ചിൽ നിന്ന് 3 പ്രത്യേക വിധിന്യായങ്ങളുണ്ടായെങ്കിലും എല്ലാവരും 370ാം വകുപ്പു റദ്ദാക്കിയ നടപടിയോടു യോജിച്ചു.

കശ്മീരി പണ്ഡിറ്റുകളുടെ പലായനത്തെക്കുറിച്ചു പ്രത്യേക വിധിന്യായത്തിൽ ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ പരാമർശിച്ചു. വിഭജനകാലത്തു പോലും ഇത്രയധികം വർഗീയ ചിന്ത ഉണ്ടായിട്ടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. 1980നു ശേഷം സംസ്ഥാനത്തു നടന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചു സൂചിപ്പിച്ച ജസ്റ്റിസ് കൗൾ ഇതേക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സമിതി നിയോഗിക്കണമെന്നും നിർദേശിച്ചു.

അതേസമയം, ഭരണഘടന വകുപ്പുകളുടെ വ്യാഖ്യാനം സംബന്ധിച്ച 367ാം വകുപ്പിനെ ആശ്രയിച്ചു കൊണ്ട് 370 വകുപ്പിൽ വരുത്തിയ മാറ്റം അധികാരപരിധിക്കു പുറത്തുള്ളതായി കോടതി നിരീക്ഷിച്ചു.

പൈൽസ് ആണോ പ്രശ്നം?
500 mg
PUNARJITH
KUROL
An Ayurvedic Proprietary Medicine
A NATURAL REMEDY
രക്തസ്രാവം, വേദന, ചൊറിച്ചിൽ, നീറ്റൽ അഥവാ പുകച്ചിൽ, വീക്കം കൂടാതെ ദഹനക്കേട്, അസിഡിറ്റി, മലബന്ധം, ഗ്യാസ്ട്രബിൾ, ഫിസ്റ്റുല എന്നിവയ്ക്കും ആശ്വാസം
"സുരക്ഷിതവും ഫലപ്രദവുമായ ആയുർവ്വേദ ഔഷധം"
100% ആയുർവ്വേദം
Customer Care No: +91 7559964455
Free Doctor Consultation 759 383 4781
amazon
ISO
HACCP
GMP
PUNARJITH
KUROL
An Ayurvedic Proprietary Medicine
www.punarjith.com

ഐ.എം.എ കൊച്ചി സംഘടിപ്പിച്ച ഹെൽത്ത് കെയർ കോൺക്ലേവ് കലൂർ ഐ.എം.എ ഹൗസിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.എ സിയാദ് റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ.സച്ചിൻ സുരേഷ്, ഡോ.വി. പി കുര്യൈയ്പ്പ്, ഡോ.ജോസഫ് ബെനവൻ, ഡോ.എം. എം. ഹനീഷ്, കെ.എസ് സുജീഷ്, ഡോ.ജോർജ്ജ് തുകലൻ തുടങ്ങിയവർ സമീപം

അവയവദാനം തുടരണം: ജസ്റ്റിസ് എ.എ സിയാദ് റഹ്മാൻ

കൊച്ചി: ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യുമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് ആക്ട് (തോട്ടാ)ന്റെ പേരുപറഞ്ഞ് അവയവദാനങ്ങളിൽ കുറവ് സംഭവിക്കരുതെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.എ സിയാദ് റഹ്മാൻ. കൊച്ചിൻ ഐ.എം.എ ബ്രാൻഡ് സ്റ്റോറീസുമായി സഹകരിച്ച് സംഘടിപ്പിച്ച ഹെൽത്ത് കെയർ കോൺക്ലേവ് കലൂർ ഐ.എം.എ ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അവയവദാനം പ്രോൽസാഹിക്കപ്പെടുക തന്നെ ചെയ്യണം.ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് മാനുഷിക മൂല്യങ്ങൾ പരിഗണിച്ചും ഒപ്പം സുതാര്യമായ രീതിയിൽ എല്ലാ വശങ്ങളും മനസിലാക്കി അവയവദാനം തുടരേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. ജോസഫ് ബെനവൻ അധ്യക്ഷത വഹിച്ചു. ഐ.എം.എ ഹൗസ് ചെയർമാൻ ഡോ.വി. പി കുര്യൈയ്പ്പ് മുഖ്യപ്രഭാഷണം നടത്തി. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം. ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ. സച്ചിൻ സുരേഷ്, ബ്രാൻഡ് സ്റ്റോറീസ് പ്രമോട്ടർ കെ.എസ് സുജീഷ് തുടങ്ങിയവർ പ്രസംഗിച്ചു. വാർധക്യവും ദീർഘകാല പരിചരണവും, ആരോഗ്യസംരക്ഷണത്തിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം, മനുഷ്യാവകാശവും ആരോഗ്യസംരക്ഷണവും എന്നീ വിഷയങ്ങളിൽ പ്രമുഖ ആരോഗ്യവിദഗ്ദർ പങ്കെടുത്ത പാനൽ ചർച്ചകളും നടന്നു.

ഡോ.മരിയ വർഗ്ഗീസ്, ഡോ.അതുൽ ജോസഫ് മാനുവൽ, ഡോ. സുനിൽ.കെ.മത്തായി എന്നിവർ മോഡറേറ്റർമാരായിരുന്നു. ഡോ.ജിനോ ജോയ്, ഡോ.അരുൺ ഉമ്മൻ, ഡോ. റൊമേഷ് ആർ, ഡോ.വിനോദ് സേവ്യർ ഫ്രാങ്ക്ലിൻ, ഡോ.പി.എ മേരി അനിത. ഡെന്നി ടോമി , ഡോ. ദിലീപ് പണിക്കർ, രഞ്ജിത് കൃഷ്ണൻ, ഡോ.അജിത് വേണു ഗോപാൽ,ഡോ. കെ അജിത് ജോയി, സുനിൽ പ്രഭാകർ, ബോധിഷ് തോമസ്, ഡോ.സുബ്രഹ്മണ്യ അയ്യർ, ഡോ.മാത്യു നമ്പേലിൽ, ഡോ.സുവർണ സോമൻ, ധന്യ ശ്യാമളൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

സിഗ്നേച്ചർ കാർ സ്പായുമായി കൈകോർത്ത് ടർട്ൽ വാക്സ് ഇന്ത്യ

കോട്ടയം: ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന അവാർഡ് വിന്നിങ് അമേരിക്കൻ കാർ കെയറിങ് ബ്രാൻഡായ ടർട്ൽ വാക്സ്, സിഗ്നേച്ചർ കാർ സ്പായുമായി കൈകോർത്ത് കോട്ടയത്ത് മറ്റൊരു കോബ്രാൻഡഡ് കാർകെയർ സ്റ്റുഡിയോ തുറന്നതായി പ്രഖ്യാപിച്ചു.

കോട്ടയം, മുണ്ടക്കയം, ചിറ്റാടി ദേശീയപാത183ന് സമീപത്തായി 5/90 എ വിലാസത്തിലാണ് പുതിയ ഷോറൂം. അത്യാധുനിക ടർട്ൽ വാക്സ് ഡീറ്റെയ്ലിങ് ടെക്നോളജിയും, ഉപയോഗിക്കാൻ എളുപ്പവുമായ ടർട്ൽ വാക്സ് ഉൽപ്പന്നങ്ങളും, അവ ഉപയോഗിച്ചുള്ള ഡീറ്റെയ്ലിങ് സേവനങ്ങളുമാണ് ടർട്ൽ വാക്സിന്റെ കാർകെയർ സ്റ്റുഡിയോയിൽ ലഭ്യമാവുക. കാർ കെയർ, ഡീറ്റെയ്ലിങ് മേഖലകളിൽ വർഷങ്ങളായി വൈദഗ്ധ്യമുള്ള സേവനങ്ങൾ നൽകുന്ന കമ്പനിയാണ് സിഗ്നേച്ചർ കാർ സ്പാ. പ്രൊഫഷണൽ വാഹന പരിപാലനത്തിനും ശുചിത്വത്തിനും വേണ്ടിയുള്ള ഉപഭോക്തൃ ആവശ്യങ്ങൾ നിറവേറ്റുന്നതാണ് ടർട്ൽ വാക്സ് കാർ കെയർ സ്റ്റുഡിയോ. ടർട്ൽ വാക്സിന്റെ സെറാമിക്, ഗ്രാഫീൻ ശ്രേണിയിൽ നിന്നുള്ള നിരവധി കെയർ പാക്കേജുകൾ സ്റ്റുഡിയോ വാഗ്ദാനം ചെയ്യുന്നു. ടർട്ൽ വാക്സിന്റെ പേറ്റന്റഡ് ഗ്രാഫീൻ സാങ്കേതികവിദ്യയുള്ള ഹൈബ്രിഡ് സൊല്യൂഷൻസ്, ഹൈബ്രിഡ് സൊല്യൂഷൻസ് പ്രോ തുടങ്ങിയ ടർട്ൽ വാക്സ് ഉൽപ്പന്നങ്ങൾ നൽകുന്ന പ്രൊഫഷണൽ ഫലങ്ങളും കാർ കെയർ സ്റ്റുഡിയോയിലെ ഉപഭോക്താക്കൾക്ക് അനുഭവിക്കാം. കേരളത്തിൽ നിന്ന് കാർ കെയറിൽ വർധിച്ചുവരുന്ന താൽപര്യം ഞങ്ങൾ കണ്ടുവെന്നും, അതുകൊണ്ടാണ് ഇവിടെ മറ്റൊരു കാർ കെയർ സ്റ്റുഡിയോ തുറക്കാൻ തീരുമാനിച്ചതെന്നും ടർട്ൽ വാക്സ് കാർ കെയർ ഇന്ത്യ പ്രൈവറ്റ് ലിമിഡറ്റിന്റെ മാനേജിങ് ഡയറക്ടർ സാജൻ മുരളി പുറവങ്കര പറഞ്ഞു. ടർട്ൽ വാക്സുമായുള്ള ഈ ബന്ധം ഇവിടെയുള്ള കാർ പ്രേമികൾക്ക് മികച്ച പരിചരണം നൽകി ഞങ്ങളെ കൂടുതൽ ഉയരങ്ങളിലെത്തിക്കുമെന്ന് ഉറപ്പുണ്ടെന്ന് സിഗ്നേച്ചർ കാർ സ്പാ ഉടമ സനൽ കുമാർ പറഞ്ഞു.

സെക്രട്ടറിയേറ്റ് പടിക്കൽ വി.എച്ച്.പിയുടെ പ്രതിഷേധം ഇന്ന്

കൊച്ചി :ശബരിമലയിൽ അയ്യപ്പഭക്തർക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിൽ സർക്കാർ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയിൽ പ്രതിഷേധിച്ച് വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ ഇന്ന് ധർണ്ണ നടത്തും. രാവിലെ 10. 30 ന് ആരംഭിക്കുന്ന ധർണ്ണ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി ഉദ്ഘാടനം ചെയ്യും.

ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ മുഖ്യപ്രഭാഷണം നടത്തും. ശബരിമലയിൽ കഴിഞ്ഞ ദിവസം അയ്യപ്പദർശനത്തിനെത്തിയ 10 വയസുള്ള പെൺകുട്ടി കുഴഞ്ഞു വീണു മരിച്ചതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും സർക്കാരിനും ദേവസ്വം ബോർഡിനും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്ന് വിശ്വഹിന്ദു പരിഷത്ത് നേതാക്കൾ വ്യക്തമാക്കി. പ്രാഥമിക സൗകര്യങ്ങൾ പോലും ഒരുക്കാതെ തീർത്ഥാടകരോട് ക്രൂരത കാട്ടി ശബരിമല തീർത്ഥാടനം അട്ടിമറിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് പകരം ഭക്തരെ പരമാവധി കഷ്ടപ്പെടുത്തി ഇനി ശബരിമലയിൽ എത്താതിരിക്കുന്നതിനുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത്.

ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പിയും ജനറൽ സെക്രട്ടറി വി ആർ രാജശേഖരനും വ്യക്തമാക്കി. ഹൈന്ദവ സമൂഹം കാലങ്ങളായി ഭക്തിയോടെ പരിരക്ഷിച്ചിരുന്ന ശബരിമല ഇന്ന് കണ്ണീരിന്റെയും നിലവിളിയുടെയും കേന്ദ്രമായി മാറിയിരിക്കുകയാണെന്നും ശബരിമല ദർശനത്തിനെത്തിയ പത്തുവയസുകാരിയായ പെൺകുട്ടി മരിച്ച സംഭവത്തിൽ സർക്കാർ മറുപടി പറഞ്ഞേ മതിയാകുവെന്നും ബജ്റംഗ്ദൾ കേരള ഘടകം സംസ്ഥാന സംയോജക് അനൂപ് രാജ്, സഹസംയോജകൻമാരായ പ്രദീപ് അണ്ടലാടി , സന്തോഷ് വക്കം എന്നിവർ വ്യക്തമാക്കി. കോടതിയുടെ ഉത്തരവുകൾ പോലും നടപ്പാക്കാതെ അയ്യപ്പ ഭക്തരെ ബുദ്ധിമുട്ടിക്കുന്ന നടപടികൾ ദേവസ്വം ബോർഡും സർക്കാരും അവസാനിപ്പിക്കണമെന്നും ഇവർ വ്യക്തമാക്കി.

കിംസ്ഹെൽത്ത് ക്യാൻസർ പ്രതിരോധ ക്യാമ്പയിൻ: ഒന്നാം സമ്മാനം വഴുതക്കാട് ചിന്മയ വിദ്യാലയ സ്കൂളിന്

തിരുവനന്തപുരം: പുതിയ തലമുറയുടെ ആശയങ്ങളെ അടുത്തറിയാൻ കിംസ്ഹെൽത്ത് ക്യാൻസർ സെന്റർ, ഫൈറ്റ് എഗൈൻസ്റ് ക്യാൻസർ ടുഗെതർ (ഫാക്ട്) എന്ന പേരിൽ സംഘടിപ്പിച്ച ക്യാൻസർ പ്രതിരോധ ക്യാമ്പയിനിൽ നൂതന ആശയങ്ങളവതരിപ്പിച്ച് തലസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾ. എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കപ്പെട്ട ഫാക്ടിൽ വഴുതക്കാട് ചിന്മയ വിദ്യാലയ സ്കൂൾ ഒന്നാം സമ്മാനമായ ഒരു ലക്ഷം രൂപയും എവറോളിംഗ് ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സ്ഥാനം നേടിയ കാട്ടാക്കട ചിന്മയ വിദ്യാലയ 50,000 രൂപയും മൂന്നാം സ്ഥാനം നേടിയ അബ്ദുൽ സലാം റാഫി റെസിഡെൻഷ്യൽ സ്കൂൾ 25,000 രൂപയും സമ്മാനമായി നേടി. കിംസ്ഹെൽത്തിൽ വച്ച് നടന്ന ചടങ്ങിൽ കിംസ്ഹെൽത്ത് ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള സമ്മാനദാനം നിർവഹിച്ചു. ഒരു മാസത്തോളം നീണ്ടുനിന്ന ക്യാമ്പയിനിൽ ക്യാൻസർ പ്രതിരോധവും നേരത്തെയുള്ള രോഗനിർണയവുമായി ബന്ധപ്പെട്ട് 15 സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് പ്രൊജക്ടുകൾ അവതരിപ്പിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ആരോഗ്യകരമായ ഭക്ഷണക്രമം പിന്തുടരാനും ബോഡി മാസ്സ് ഇൻഡക്സ് വിലയിരുത്താനും സഹായിക്കുന്ന മൊബൈൽ അപ്ലിക്കേഷൻ, ബോധവൽക്കരണത്തിനായി സാമൂഹികമാധ്യമങ്ങളുപയോഗിച്ചുള്ള നൂതന കമ്മ്യുണിക്കേഷൻ മോഡലുകൾ തുടങ്ങി സമൂഹത്തിന്റെ ഉന്നമനത്തിനായുള്ള വ്യത്യസ്ത ആശയങ്ങളാണ് ക്യാമ്പയിനിൽ വിദ്യാർത്ഥികൾ പങ്കുവച്ചത്.

വാണിജ്യ വാഹനങ്ങൾക്ക് നിരക്ക് വർധന പ്രഖ്യാപിച്ച് ടാറ്റ മോട്ടോർസ്

കൊച്ചി: വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ് വാണിജ്യ വാഹനങ്ങൾക്ക് നിരക്ക് വർധന പ്രഖ്യാപിച്ചു. 3 ശതമാനം വരെ വിലയിൽ വർധനവുണ്ടാകും. 2024 ജനുവരി ഒന്നുമുതൽ നിരക്ക് വർധന പ്രാബല്യത്തിൽ വരും. കമ്പനിയുടെ എല്ലാ മോഡൽ വാണിജ്യ വാഹനങ്ങൾക്കും നിരക്ക് വർധനവ് ബാധകമാണ്. നിർമാണ ചിലവിലുണ്ടായ വർധനവ് ലഘൂകരിക്കുവാൻ ലക്ഷ്യമിട്ടാണ് പുതിയ നിരക്ക് വർധനവ് കമ്പനി പ്രഖ്യാപിച്ചിരിക്കുന്നത്.

International Workshop cum Training
Fisheries Management and Aquaculture
ICAR-Central Marine Fisheries Research Institute

മത്സ്യമേഖലയിൽ അന്താരാഷ്ട്ര സഹകരണം വേണം

സിഎംഎഫ്ആർഐയിൽ രാജ്യാന്തര ശിൽപശാല തുടങ്ങി

കൊച്ചി: മത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങൾക്കിടയിൽ സഹകരണവും പങ്കാളിത്തവും വേണമെന്ന് ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) അസിസ്റ്റന്റ് സെക്രട്ടറി ജനറൽ റാമി മഹ്മൂദ് അബ്ദുൽ ഹലീം ഖ്തൈഷാത്ത്.കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന ദശദിന രാജ്യാന്തര പരിശീലന ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമുദ്രവിഭവങ്ങളുടെ ചൂഷണവും വിനിയോഗവും സന്തുലിതമാകണം. കാലാവസ്ഥാവ്യതിയാനം ഉൾപ്പെടെയുള്ള വെല്ലുവിളികളെ നേരിടാൻ രാജ്യാന്തരതലത്തിൽ സഹകരണം വേണം. സീഫുഡ് ഉൽപന്നങ്ങളുടെ കയറ്റുമതിമൂല്യത്തിൽ പകുതിയും വികസ്വരരാജ്യങ്ങളിൽ നിന്നാണ്. പോഷകസുരക്ഷയും ഉപജീവനവുമൊരുക്കുന്നതിൽ സുപ്രധാന പങ്കാണ് മത്സ്യമേഖല വഹിക്കുന്നത് അദ്ദേഹം പറഞ്ഞു.ദാരിദ്ര്യം, പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ പ്രതിസന്ധികൾക്കിടയിലാണ് പല ആഫ്രിക്കൻഏഷ്യൻ രാജ്യങ്ങളും ഭക്ഷോൽപാദന മേഖല മെച്ചപ്പെടുത്താൻ ബുദ്ധിമുട്ടുന്ന അവസ്ഥയാണുള്ളതെന്ന് ആർഡോ ഗവേഷണ വിഭാഗം മേധാവിയും പ്രോഗ്രാം കോഓർഡിനേറ്ററുമായ ഡോ ഖുഷ്നൂദ് അലി പറഞ്ഞു. മതിയായ സാങ്കേതികവിദ്യയില്ലാത്തത് ഈ രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്.

അംഗരാജ്യങ്ങളിലെ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കും പിഎച്ച്ഡി ഗവേഷകർക്കും 400ലേറെ ഫെല്ലോഷിപ്പുകൾ ആർഡോ നൽകുന്നുണ്ട്.അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മത്സ്യമേഖല കൂടുതൽ സുസ്ഥിരമാക്കാൻ സർക്കാർ തലത്തിലും ഗവേഷകർക്കിടയിലും രാജ്യാന്തരസഹകരണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ മാരികൾച്ചർ വിഭാഗം മേധാവി ഡോ വിവി ആർ സുരേഷ്, ഡോ ടിഎം നജ്മുദ്ദീൻ എന്നിവർ പ്രസംഗിച്ചു.ഒമാൻ, ഈജിപ്ത്, ഘാന, നമീബിയ, നൈജീരിയ, സാംബിയ, മലേഷ്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഗവേഷകരുമാണ് ശിൽപശാലയിൽ പങ്കെടുക്കുന്നത്.

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവും ആർഡോയും തമ്മിലുള്ള അന്താരാഷ്ട്ര സഹകരണത്തിന്റെ ഭാഗമായാണ് പരിശീലന ശിൽപശാല. ഫിഷറീസ് മാനേജ്മെന്റ്, മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലാണ് പരിശീലനം.

വയോജനങ്ങൾക്കായി ബ്രഹത് പദ്ധതിയുമായി ആസ്റ്റർ ഗ്രൂപ്പ്

കൊച്ചി: സ്ഥാപകദിനത്തിൽ വയോജനങ്ങൾക്കായി ബ്രഹത് പദ്ധതിയുമായി ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ. രാജ്യത്തെ പത്ത് വൃദ്ധ സദനങ്ങളിലെ 1000 മുതിർന്ന പൗരന്മാരെ ദത്തെടുക്കുന്ന കെയർ ഫോർ എൽഡേർലി പദ്ധതിക്ക് തുടക്കമായി. നിർധനരായ വയോജനങ്ങളുടെ ക്ഷേമവും അവർക്ക് മികച്ച ചികിത്സ നൽകുക എന്ന ലക്ഷ്യവും മുൻ നിർത്തിയാണ് ഡി.എം ഹെൽത്ത് കെയറിന്റെ 37ആം സ്ഥാപക ദിനത്തിൽ സി.എസ്.ആർ വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സിന് കീഴിൽ പുതിയ പദ്ധതിക്ക് തുടക്കമിടുന്നത്.

തങ്ങൾക്ക് നൽകുന്ന പിന്തുണ സമൂഹത്തിന് തിരികെ നൽകുക എന്നത് ആസ്റ്ററിന്റെ സ്ഥാപക തത്വങ്ങളിലൊന്നാണെന്ന് പദ്ധതിയുടെ പ്രഖ്യാപന ചടങ്ങിൽ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. 1987ൽ ആദ്യത്തെ ക്ലിനിക്ക് ആരംഭിച്ചത് മുതൽ ഇന്നുവരെ പാവപ്പെട്ടവർക്കും അധ:സ്ഥിതർക്കുമായി നിരവധി സന്നദ്ധ പ്രവർത്തനങ്ങളാണ് ആസ്റ്ററിയൻസ് നടപ്പാക്കി വരുന്നത്. മൊബൈൽ മെഡിക്കൽ വാനിലൂടെ ഏഷ്യയിലെയും മിഡിൽ ഈസ്റ്റിലെയും ആഫ്രിക്കയിലെയും നിരവധി രാജ്യങ്ങളിലെ ജനങ്ങളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞു.ഈ വർഷം കെയർ ഫോർ എൽഡേർലി പദ്ധതിയിലൂടെ പ്രത്യേക പരിശീലനം ലഭിച്ച ജെറിയാട്രിക് നഴ്സുമാരിലൂടെ വൃദ്ധ സദനങ്ങളിൽ കഴിയുന്ന 1000 വയോജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്. ആസ്റ്റർ ഗ്രൂപ്പിന് കീഴിലുള്ള ആശുപത്രികൾ വഴിയാണ് അതാത് പ്രദേശങ്ങളിലെ വൃദ്ധ സദനങ്ങൾ കണ്ടെത്തുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സ്ഥാപക ദിനാചരണത്തോടനുബന്ധിച്ച് ആസ്റ്റർ വോളന്റിയേഴ്സുമായി സഹകരിച്ച് ഇന്ത്യ, ബംഗ്ലാദേശ്, ടാൻസാനിയ, സിറിയ, മൊറോക്കോ എന്നിവിടങ്ങളിലേക്കായി ഏഴ് പുതിയ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി മുൻപന്തിയിൽ നിൽക്കുന്ന ആസ്റ്റർ ഗ്രൂപ്പിന്, ഈ അടുത്ത് ക്രെഡിറ്റ് റേറ്റിംഗ് ഇൻഫർമേഷൻ സർവീസസ് ഓഫ് ഇന്ത്യ ലിമിറ്റഡ് (ക്രിസിൽ) ഇന്ത്യയിലെ ലിസ്റ്റഡ് ഹെൽത്ത് കെയർ കമ്പനികൾക്ക് വേണ്ടി നടപ്പാക്കുന്ന എൻവയോണമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് സപ്പോർട്ട് (ഇ.എസ്.ജി) റാങ്കിങ്ങിൽ ഉയർന്ന സ്ഥാനം ലഭിച്ചിരുന്നു.

ഇന്ത്യയിലെയും ഗൾഫ് രാജ്യങ്ങളിലെയും സന്നദ്ധപ്രവർത്തകരുമായി സഹകരിച്ച് 2000ലധികം വൃക്ഷത്തൈകളാണ് കഴിഞ്ഞ വർഷം ആസ്റ്റർ വോളന്റിയർമാർ നട്ടുപിടിപ്പിച്ചത്. അടുത്ത സാമ്പത്തിക വർഷത്തിനുള്ളിൽ 3500 തൈകൾ കൂടി നട്ടുവളർത്താനാണ് ലക്ഷ്യമിടുന്നത്.കൂടുതൽ ഊർജ്ജക്ഷമമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി കാസർകോട് 55 ഏക്കർ വിസ്തൃതിയിൽ വലിയൊരു സോളാർ പ്ലാന്റ് നിർമ്മിക്കാനും ആസ്റ്റർ ഗ്രൂപ്പ് പദ്ധതിയിടുന്നുണ്ട്. കേരളത്തിലെ ഏഴ് ആസ്റ്റർ ആശുപത്രികളിലേക്കും ആവശ്യമായ വൈദ്യുതി ഇവിടെ നിന്ന് എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം മഹാരാഷ്ട്രയിലെ കോലാപ്പൂരിലും മറ്റൊരു സോളാർ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

നെസ്ലേ ഇന്ത്യ ക്ക് അവാർഡ്

കൊച്ചി: ഇന്റർനാഷണൽ ന്യൂട്രിസെറിയൽ കൺവെൻഷൻ 5.0 ൽ പുരസ്കാരം നേടി നെസ്ലെ ഇന്ത്യ. ബെസ്റ്റ് ഇൻഡസ്ട്രി പ്രൊഡക്ട് ഇന്നവേഷൻ ഫോർ മെയിൻസ്ട്രീമിംഗ് മില്ലറ്റ്സ് എന്ന അംഗീകാരമാണ് നെസ്ലെയ്ക്ക് ലഭിച്ചത്. ന്യൂട്രിഹബ്, ഐസിഎആർ ഐഐഎംആർ എന്നിവർ ചേർന്നാണ് പുരസ്കാരം നൽകിയത്. ന്യൂട്രിഹബ്, ഐഐഎംആർഐസിഎആർ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ഗവേഷകർ, അക്കാദമിക് വിദഗ്ധർ, നയകർത്താക്കൾ, ഉദ്പാദകർ, സ്റ്റാർട്ട് അപ്പുകൾ, ചെറുകിട വ്യവസായികൾ എന്നിവരും ഭാഗമായി. ഭക്ഷ്യ വ്യവസായ മേഖലയിലെ മികവിനും നവീകരണത്തിനുമുള്ള നെസ്ലെ ഇന്ത്യയുടെ പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്ന അംഗീകാരം കൂടിയാണിതെന്ന് നെസ്ലെ ഇന്ത്യയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സുരേഷ് നാരായണൻ പറഞ്ഞു.മില്ലറ്റുകളെ ജനപ്രിയമാക്കിയ മികച്ച വ്യവസായിക ഉൽപ്പന്നത്തിനുള്ള അവാർഡ് നേടാൻ സാധിച്ചതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്നും സുരേഷ് നാരായണൻ പറഞ്ഞു.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി കേരള പ്രതിനിധികളുമായി ആശയ വിനിമയം നടത്തി

കൊച്ചി: രാജ്യത്തെ പ്രമുഖ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായ ഐഐഎം സമ്പൽപൂർ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സംഘത്തിന് ഭുവനേശ്വരിൽ ത്രിദിന സന്ദർശനം ഒരുക്കി. ഏക് ഭാരത് ശ്രേഷ്ഠ് ഭാരത് പദ്ധതിക്കു കീഴിലുള്ള യുവ സംഗമം പരിപാടിയുടെ ഭാഗമായാണിതു സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി ഭുവനേശ്വരിലെത്തിയ കേരളത്തിലെ വിദ്യാർത്ഥികളുടെ സംഘവുമായി കേന്ദ്ര വിദ്യാഭ്യാസ, ശേഷി വികസന, സംരംഭകകാര്യ മന്ത്രി ധർമേന്ദ്ര പ്രധാൻ ചർച്ച നടത്തി. വിദേശകാര്യ, പാർലമെന്ററികാര്യ മന്ത്രി വി മുരളീധരനും ചടങ്ങിൽ പങ്കെടുത്തു. കേരളഒഡീഷ സംഘത്തിന്റെ നോഡൽ വിദ്യാഭ്യാസ സ്ഥാപനമായാണ് ഐഐഎം സമ്പൽപൂർ വർത്തിക്കുന്നത്. എൻഐടി കാലിക്കറ്റാണ് കേരളത്തിലെ നോഡൽ സ്ഥാപനം. ഭുവനേശ്വരിലെ പ്രമുഖ കേന്ദ്രങ്ങളിൽ കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ സന്ദർശനം നടത്തി.

ഐനോക്സ് ഇന്ത്യ ഐപിഒ ഡിസംബർ 14 മുതൽ

കൊച്ചി: ഐനോക്സ് ഇന്ത്യ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഡിസംബർ 14 മുതൽ 18 വരെ നടക്കും. നിലവിലുള്ള ഓഹരി ഉടമകളുടെ 22,110,955 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 627 രൂപ മുതൽ 660 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 22 ഓഹരികൾക്കും തുടർന്ന് 22ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

കൊല്ലം: ചന്ദനത്തോപ്പ് സർക്കാർ ഐടിഐയിൽ അരിത്തമാറ്റിക് കം ഡ്രോയിങ് ഇൻസ്ട്രക്ടർ (എ സി ഡി) എംപ്ലോബിലിറ്റി സ്കിൽ നിലവിലുള്ള മൂന്ന് ഒഴിവുകളിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം. അംഗീകൃത സർവകലാശാലയിൽ നിന്നും ബിവോക് എൻജിനീയറിങ് ബിരുദവും മൂന്നുവർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ മൂന്നുവർഷത്തെ എൻജിനീയറിങ് ഡിപ്ലോമയും മൂന്നു വർഷത്തെ പ്രവർത്തിപരിചയവും. അസ്സൽ രേഖകൾ സഹിതം ഡിസംബർ 15 രാവിലെ 10 മണിക്ക് പ്രിൻസിപ്പൽ മുമ്പാകെ അഭിമുഖത്തിന് ഹാജരാകണം. ഫോൺ 0474 2712781.

യോജിപ്പിന്റെ പുതുഭാഷ്യം കുറിച്ച് സൂര്യയും ഹരിയും ആശുപത്രി വിട്ടു

കൊച്ചി: അത്യപൂർവ്വമായ യോജിപ്പിന്റെ പുതുഭാഷ്യം കുറിച്ചാണ് ചേട്ടൻ സൂര്യനാരായണനൊപ്പം ഹരിനാരായണൻ ലിസി ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങിയത്. സഹോദരർ രണ്ടുപേർക്കും ഒരുപോലെ ഗുരുതരമായ ഹൃദ്രോഗം നിർണ്ണയിക്കപ്പെടുക, രണ്ടുപേർക്കും ഹൃദയം മാറ്റിവയ്ക്കേണ്ടി വരിക, രണ്ടുപേർക്കും ഒരേ ആശുപത്രിയിൽ ഒരേ ഡോക്ടർ ഹൃദയം മാറ്റിവയ്ക്കുക, രണ്ടുപേർക്കും വ്യോമമാർഗം ഒരേ നഗരത്തിൽ നിന്ന് ഹൃദയമെത്തിക്കുക എന്നിങ്ങനെ യോജിപ്പിന്റെ അത്യപൂർവ്വമായ ചില ചരിത്രമുഹൂർത്തങ്ങളാണ് സൂര്യയും ഹരിയും ചേർന്ന് സൃഷ്ടിച്ചത്.

ഒരേ മേൽക്കൂരയ്ക്ക് കീഴിലേക്കാണ് അനുജനും ചേട്ടനും മടങ്ങിയിരിക്കുന്നത്. ലിസി ആശുപത്രിയിൽ നടന്ന 28ാമത് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയായിരുന്നു ഇത്.മസ്തിഷ്കമരണം സംഭവിച്ച തമിഴ്നാട് കന്യാകുമാരി വിളിവിൻകോട് സ്വദേശി സെൽവിൻ ശേഖറിന്റെ (36) ഹൃദയമാണ് ഹരിനാരായണനിൽ (16) മാറ്റിവച്ചത്. ഹൃദയം ക്രമാതീതമായി വികസിക്കുന്ന ഡൈലേറ്റഡ് കാർഡിയോമയോപതി എന്ന അസുഖമായിരുന്നു കായംകുളം സ്വദേശികളായ ബിന്ദുവിന്റെയും സതീഷിന്റെയും മകനായ ഹരിനാരായണന്. ഈ വർഷം ഏപ്രിൽ മാസത്തിലാണ് കടുത്ത ശ്വാസതടസ്സത്തെ തുടർന്ന് ഹരിനാരായണൻ ലിസി ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത്. ആദ്യം മരുന്നുകൾ കൊണ്ട് ചികിത്സിക്കുവാൻ ശ്രമിച്ചെങ്കിലും പിന്നീട് രോഗം ഗുരുതരമായ സാഹചര്യത്തിൽ ഹൃദയം മാറ്റിവയ്ക്കൽ ആണ് ഏക പോംവഴി എന്ന് ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറയുകയായിരുന്നു. തുടർന്ന് കേരള സർക്കാർ സംവിധാനമായ കെ സോട്ടോയിൽ ഹരിനാരായണന്റെ പേര് ഹൃദയത്തിനായി രജിസ്റ്റർ ചെയ്തു. കേരളത്തിൽ അവയവ ദാനത്തിനെതിരെ നടക്കുന്ന തെറ്റിദ്ധാരണ പടർത്തുന്ന പ്രചരണങ്ങൾ മൂലം ഹൃദയം ലഭിക്കുവാൻ പ്രയാസമാണെന്ന് മനസ്സിലാക്കിയ ഹരിനാരായണന്റെ കുടുംബം ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയെങ്കിലും ഭാരിച്ച ചികിത്സാ ചെലവ് താങ്ങുവാൻ കഴിയാതെ തിരിച്ചുവരികയായിരുന്നു.

നവംബർ 24 ന് ഉച്ചയോടെയാണ് കെ സോട്ടോയിൽ നിന്നും അവയവദാനത്തെക്കുറിച്ച് ലിസി ആശുപത്രിയിലെ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർക്ക് അറിയിപ്പ് ലഭിച്ചത്. പ്രാഥമികമായി ലഭിച്ച വിവരങ്ങളിൽ നിന്നും സമാന രക്തഗ്രൂപ്പിൽപ്പെട്ട സെൽവിന്റെ ഹൃദയം ഹരിനാരായണന് അനുയോജ്യമാണെന്ന് മനസ്സിലാക്കിയ ഉടൻ തന്നെ ഡോ. ജേക്കബ് ഏബ്രഹാം, ഡോ. ജീവേഷ് തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള ആറംഗ മെഡിക്കൽ സംഘം തിരുവനന്തപുരത്തേക്ക് റോഡ് മാർഗ്ഗം പുറപ്പെടുകയും രാത്രിയോടെ അവിടെ എത്തി വിദഗ്ധ പരിശോധനകൾക്ക് ശേഷം സെൽവിന്റെ ഹൃദയം ഹരിനാരായണന് അനുയോജ്യമാണെന്ന് ഉറപ്പിക്കുകയും ചെയ്തു. ഓരോ നിമിഷത്തിനും പ്രാധാന്യമുള്ള ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ദൂരം ഒരു വലിയ പ്രതിസന്ധിയായിരുന്നു. അതേത്തുടർന്ന് ആശുപത്രി അധികൃതർ മന്ത്രി പി. രാജീവിനെ ബന്ധപ്പെടുകയും അദ്ദേഹത്തിന്റെ ഇടപെടലിന്റെ ഭാഗമായി കേരള സർക്കാർ വാടകക്കെടുത്തിരിക്കുന്ന ഹെലികോപ്റ്റർ ഹൃദയമെത്തിക്കുന്നതിന് വിട്ടു നൽകുവാൻ മുഖ്യമന്ത്രി ഡിജിപിക്ക് നിർദ്ദേശം നൽകുകയുമായിരുന്നു.രാവിലെ ഏഴുമണിയോടെയാണ് അവയവങ്ങൾ എടുക്കുന്നതിനുള്ള ശസ്ത്രക്രിയ കിംസിൽ ആരംഭിച്ചത്. ഹൃദയമെടുത്ത ശേഷം 10:20 ന് തിരുവനന്തപുരത്തു നിന്ന് പുറപ്പെട്ട ഹെലികോപ്റ്റർ 11:10 ന് ഹയാത്ത് ഹെലിപാഡിൽ എത്തിച്ചേർന്നു. അവിടെ നിന്നും പോലീസ് സംവിധാനത്തിന്റെ സഹായത്തോടെ ഒരുക്കിയ ഗ്രീൻ കോറിഡോർ വഴി കേവലം മൂന്ന് മിനിറ്റ് കൊണ്ട് ലിസി ആശുപത്രിയിൽ ഹൃദയം എത്തുകയും ഉടൻ തന്നെ ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു. 12:30ന് ഹരിനാരായണനിൽ സെൽവിന്റെ ഹൃദയം മിടിക്കുവാൻ ആരംഭിച്ചു.

3:45ന് ശസ്ത്രക്രിയ പൂർത്തിയാക്കിയ ശേഷം ഹരിനാരായണനെ തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി. അടുത്ത ദിവസം തന്നെ വെന്റിലേറ്ററിൽ നിന്ന് മാറ്റുകയും നാലാം ദിവസം തീവ്രപരിചരണ വിഭാഗത്തിൽ നിന്നും മുറിയിലേക്ക് മാറ്റുകയും ചെയ്തു.ഹരിനാരായണൻ ഇപ്പോൾ പൂർണ്ണ ആരോഗ്യവാനാണെന്നും ഇത്രയും വേഗം ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്യുവാൻ സാധിച്ചതിൽ സന്തോഷം ഉണ്ടെന്നും ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. ഹരിനാരായണന്റെ സഹോദരൻ സൂര്യനാരായണനെ സമാനമായ രീതിയിൽ 2021ൽ തിരുവനന്തപുരത്തു നിന്നും ഹെലികോപ്റ്ററിൽ ഹൃദയം എത്തിച്ചാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനാക്കിയത്. സൂര്യനാരായണൻ ഇപ്പോൾ പൂർണ്ണ ആരോഗ്യവാനായിരിക്കുന്നു. കഴിഞ്ഞ ദിവസം നടന്ന ട്രാൻസ്പ്ലാന്റ് ഗെയിംസിൽ സൂര്യനാരായണൻ നീന്തൽ മത്സരത്തിലടക്കം മെഡലുകൾ നേടിയിരുന്നു.കടുത്ത വേദനയ്ക്കിടയിലും അവയവങ്ങൾ ദാനം ചെയ്യുവാൻ വലിയ മനസ് കാണിച്ച സെൽവിന്റെ കുടുംബത്തെ മറക്കുവാൻ കഴിയില്ലെന്ന് ഹരിനാരായണൻ പറഞ്ഞു. അവയവങ്ങൾ ദാനം ചെയ്യാൻ രണ്ട് കുടുംബങ്ങൾ തയ്യാറായതുകൊണ്ട് മാത്രമാണ് നിങ്ങളുടെ മുന്നിൽ ഇതുപോലെ ആരോഗ്യത്തോടെയിരുന്ന് സംസാരിക്കുവാൻ ഞങ്ങൾ രണ്ട് പേർക്കും സാധ്യമായതെന്ന് സൂര്യനാരായണൻ കൂട്ടിച്ചേർത്തു.

പൂർണ്ണമായും സൗജന്യമായി ഹെലികോപ്റ്റർ വിട്ടുനൽകിയ മുഖ്യമന്ത്രിക്കും അതിന് മുൻകൈയെടുത്ത മന്ത്രി. പി. രാജീവിനും ഗതാഗത ക്രമീകരണങ്ങൾ ഒരുക്കിയ പോലീസ് സേനക്കും ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ നന്ദി പറഞ്ഞു. ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.ഡോ. ജേക്കബ് എബ്രഹാം, ഡോ.ഭാസ്കർ രംഗനാഥൻ, ഡോ.റോണി മാത്യു, ഡോ. ജീവേഷ് തോമസ്, ഡോ.ജോ ജോസഫ്, ഡോ.പി. മുരുകൻ, ഡോ.ജോബ് വിൽസൺ, ഡോ.ഗ്രേസ് മരിയ, ഡോ.ആന്റണി, സുഭാഷിണി, രാജി രമേഷ്, സിസ്റ്റർ ആഗ്ന മരിയ, ലെവിൻ ആന്റണി, ജിഷ ജോർജ് തുടങ്ങിയവർ ശസ്ത്രക്രിയയിലും തുടർചികിത്സയിലും പങ്കാളികളായിരുന്നു.

ആംവേ പുതിയ ഗ്ലിസ്റ്റർ മൾട്ടി ആക്ഷൻ ടൂത്ത് പേസ്റ്റ് പുറത്തിറക്കി

കൊച്ചി: ആംവേ ഇന്ത്യ പുതിയ ഗ്ലിസ്റ്റർ മൾട്ടി ആക്ഷൻ ടൂത്ത് പേസ്റ്റ് പുറത്തിറക്കി. സസ്യാധിഷ്ഠിത ഗുണങ്ങളാൽ സമ്പുഷ്ടമാണ് ഗ്ലിസ്റ്റർ മൾട്ടിആക്ഷൻ ടൂത്ത് പേസ്റ്റ്. സോർബിറ്റോൾ, ഗ്ലിസറിൻ തുടങ്ങിയ ചേരുവകളോടെ അതീവ സൂക്ഷ്മതയോടെയാണ് ഇവയുടെ നിർമ്മിതി. മൃഗങ്ങളിൽ നിന്നുള്ള ചേരുവകളോ, പഞ്ചസാരയോ ആൽക്കഹോളോ, പെറോക്സൈഡുകളോ പാരബെൻസോ ചേരുവകകളിലില്ല. അതുവഴി ആരോഗ്യകരമായ പല്ലുകൾ നിലനിർത്തുന്നു. അവശ്യ ധാതുക്കളുടെ പുനർനിക്ഷേപത്തെ സഹായിക്കുന്ന റെമിനാക്ട് ടിഎം സാന്നിധ്യം പല്ലുകൾ നശിക്കുന്നതിൽ നിന്ന് പ്രതിരോധിക്കുന്നു. ഗ്ലിസ്റ്റർ മൾട്ടി ആക്ഷൻ ടൂത്ത് പേസ്റ്റിലെ കർപ്പൂരത്തുളസി തൈലം ന്യൂട്രിലൈറ്റ് അംഗീകൃതമായത് ശ്വാസത്തിന്റെ പുതുമ നിലനിർത്താൻ സഹായിക്കുന്നു.

ഗ്ലിസ്റ്റർ മൾട്ടിആക്ഷൻ ടൂത്ത് പേസ്റ്റിന്റെ എല്ലാ ഗുണങ്ങൾക്കും പുറമേ ഗ്ലിസ്റ്ററിന്റെ ഹെർബൽ വകഭേദത്തിൽ ഗ്രാമ്പൂ, വേപ്പ്, കുരുമുളക്, പുതിന, തുളസി, ഇഞ്ചി, ടീ ട്രീ, ഇരട്ടിമധുരം, യൂക്കാലിപ്റ്റോൾ, നാരങ്ങ, കർപ്പൂരം എന്നിവയുൾപ്പെടെ 11 പ്രകൃതിദത്ത ചേരുവകളുണ്ട്. കൂടാതെ, രണ്ട് വകഭേദങ്ങൾക്കും ഐഡിഎ സർട്ടിഫിക്കേഷനുണ്ട്.

വായുടെ ആരോഗ്യവും ശരീരത്തിന്റെ മൊത്തം ആരോഗ്യവും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം തിരിച്ചറിഞ്ഞ ആംവേയുടെ ഗ്ലിസ്റ്റർ ആഗോളതലത്തിൽ ദശലക്ഷക്കണക്കിന് ആളുകളുടെ വിശ്വാസം ആർജ്ജിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടെന്ന് പുതിയ പേസ്റ്റിനെക്കുറിച്ച് ആംവേ ഇന്ത്യ സിഎംഒ അജയ് ഖന്ന പറഞ്ഞു.

ഗ്ലിസ്റ്റർ മൾട്ടി ആക്ഷൻ ടൂത്ത് പേസ്റ്റ്, ഗ്ലിസ്റ്റർ മൾട്ടി ആക്ഷൻ ടൂത്ത് പേസ്റ്റ് ഹെർബൽസ് എന്നിവയുടെ വില 200 ഗ്രാം പായ്ക്കിന് യഥാക്രമം 322, 333 രൂപയാണ്. 50 ഗ്രാം പായ്ക്കിലും ലഭ്യമാണ്.

ഓഫറുകൾ പ്രഖ്യാപിച്ച് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്

കൊച്ചി: ഉപഭോക്താക്കൾക്കായി ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് മികച്ച ഡിസംബർ ഓഫറുകൾ പ്രഖ്യാപിച്ചു. ആകർഷകമായ ഇഎംഐ സ്കീമുകൾ, എക്സ്റ്റെൻഡഡ് വാറന്റി, റൈഡിംഗ് ഗിയറുകൾക്ക് ആകർഷകമായ കിഴിവുകൾ, 2023 ഡിസംബർ 31 വരെ ഡെലിവറിയ്ക്ക് ആക്സസറികൾ എന്നിവ ഈ ഓഫറുകളിൽ ഉൾപ്പെടുന്നു. തിരഞ്ഞെടുത്ത ജാവ 42, യെസ്ഡി റോഡ്സ്റ്റർ മോഡലുകളിൽ എക്സ്ചേഞ്ച് ബോണസ് ഓഫറുമുണ്ട്ജാവ, യെസ്ഡി മോട്ടോർസൈക്കിളുകളുടെ എല്ലാ മോഡലുകൾക്കും 4 വർഷം അല്ലെങ്കിൽ 50,000 കിലോമീറ്റർ വരെ എക്സ്റ്റെൻഡഡ് വാറന്റി ലഭ്യമാണ്. സ്റ്റാൻഡേർഡ് ഓഫർ 2 വർഷം അല്ലെങ്കിൽ 24,000 കിലോമീറ്ററാണ് എന്നാൽ ഡിസംബറിൽ എടുക്കുന്ന എല്ലാ ഡെലിവറികൾക്കും അധിക ചെലവില്ലാതെ എക്സ്റ്റെൻഡഡ് വാറന്റി ലഭ്യമാണ്. ഐഡിഎഫ്സിയിൽ നിന്നുള്ള ആകർഷകമായ കുറഞ്ഞ ഇഎംഐ സ്കീമുകൾ വെറും 1,888രൂപ മുതലാണ് ആരംഭിക്കുന്നത്. ഈ ഓഫർ എല്ലാ ജാവ, യെസ്ഡി മോഡലുകളിലും ലഭ്യമാണ്. റൈഡിംഗ് ജാക്കറ്റുകൾ മുതൽ ടൂറിംഗ് ആക്സസറികൾ വരെയുള്ള എല്ലാ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങളും 50 ശതമാനം വിലക്കിഴിവിൽ ലഭ്യമാണ്.ജാവ യെസ്ഡി മോട്ടോർസൈക്കിളിൻറെ ജാവ 42, യെസ്ഡി റോഡ്സ്റ്റർ എന്നിവയുടെ സിംഗിൾ ടോൺ മോഡലുകളിൽ പ്രത്യേക എക്സ്ചേഞ്ച് ബോണസ് ഓഫർ ഉണ്ട്. എക്സ്ചേഞ്ച് ആയി 10,000 രൂപ വരെ നേടാം.ഈ പ്രത്യേക ഓഫറുകളിലൂടെ മോട്ടോർസൈക്കിളുകൾ വിശാലമായ ഉപഭോക്തൃനിരക്ക് ലഭ്യമാക്കാൻ കമ്പനി ലക്ഷ്യമിടുന്നു. ജാവ, ജാവ 42, ജാവ 42 ബോബർ, ജാവ പെരാക്ക് എന്നിവ ജാവ മോട്ടോർസൈക്കിൾ നിരയിൽ ഉൾപ്പെടുന്നു. യെസ്ഡി റോഡ്സ്റ്റർ, യെസ്ഡി സ്ക്രാമ്പ്ളർ, യെസ്ഡി അഡ്വഞ്ചർ എന്നിവയാണ് യെസ്ഡി മോട്ടോർസൈക്കിൾ നിരയിലുള്ളത്.

ഫോർട്ട്കൊച്ചി ആർ.ഡി.ഒ ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ്

കൊച്ചി: കേരളത്തിലെ സർക്കാർ ഓഫീസുകൾക്ക് മാതൃകയാണ് ഫോർട്ട്കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് എന്ന് കെ.ജെ മാക്സി എം.എൽ.എ പറഞ്ഞു. ഫോർട്ട്കൊച്ചി ആർ.ഡി.ഒ ഓഫീസിന് ലഭിച്ച ഐ.എസ്.ഒ സർട്ടിഫിക്കറ്റ് സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വലിയൊരു അംഗീകാരമാണ് ഫോർട്ട്കൊച്ചിക്ക് ലഭിച്ചത്. മികച്ച സേവന പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്. ജനങ്ങളുടെ സേവകരാണ് ജനപ്രതിനിധികളും സർക്കാർ ജീവനക്കാരും. സബ് കളക്ടർ പി.വിഷ്ണുരാജിന്റെ പ്രവർത്തനങ്ങൾ വിലമതിക്കാനാകാത്തതാണ്.

ജീവനക്കാർക്ക് സൗകര്യപ്രദമായി ജോലിചെയ്യാനുള്ള സാഹചര്യങ്ങൾ ഒരുക്കി നൽകുന്നു. ശുചിത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു തുടങ്ങിയ പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് ഫോർട്ട്കൊച്ചി ഓഫീസിന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചത്.കൊച്ചി മണ്ഡലം നവ കേരള സദസ്സിൽ 3909 നിവേദനങ്ങളാണ് ലഭിച്ചതെന്നും നിവേദനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി സമയബന്ധിതമായി പരാതികൾ തീർപ്പാക്കുമെന്നും എം.എൽ.എ പറഞ്ഞു.

ഫോർട്ട്കൊച്ചി ആർ.ഡി.ഒ ഓഫീസിന് ലഭിച്ച ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ഐ.എസ്.ഒ ഡയറക്ടർ എൻ ശ്രീകുമാറിൽ നിന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, സബ് കളക്ടർ പി. വിഷ്ണുരാജ്, സീനിയർ സൂപ്രണ്ട് വി.വി ജയേഷ് എന്നിവർ ചേർന്ന് സ്വീകരിച്ചു. കൊച്ചി തഹസിൽദാർ സുനിത ജേക്കബ്, കോർപറേഷൻ വാർഡ് കൗൺസിലർ ആന്റണി കുരീത്തറ, കൊച്ചി കോർപ്പറേഷൻ വികസന ആരോഗ്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ഷീബ ലാൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ദേശീയപാത 85: ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം

കൊച്ചി: ദേശീയപാത 85ൽ (കൊച്ചി മൂന്നാർ) കോതമംഗലം ബൈപ്പാസ്, മൂവാറ്റുപ്പുഴ ബൈപ്പാസ് എന്നിവയ്ക്കുവേണ്ടി 30 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം ഡിസംബർ 9ന് ഇന്ത്യാ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോതമംഗലം, വാരപ്പെട്ടി വില്ലേജുകളിൽ 3.8 കിലോമീറ്റർ നീളത്തിൽ കോതമംഗലം ബൈപ്പാസിനായും കോതമംഗലം, വെള്ളൂർക്കുന്നം വില്ലേജുകളിൽ 4.3 കിലോമീറ്റർ നീളത്തിൽ മൂവാറ്റുപുഴ ബൈപ്പാസിനായുമാണ് ഭൂമി ഏറ്റെടുക്കുന്നത്.

മൂവാറ്റുപ്പുഴ ബൈപ്പാസ് കനേഡിയൻ സെൻട്രൽ സ്കൂളിന്റെ സമീപത്തു നിന്നു തുടങ്ങി ഭക്ത നന്ദനാർ ടെമ്പിൾ റോഡിൽ അവസാനിക്കുന്ന നിലയിലും കോതമംഗലം ബൈപ്പാസ് അയ്യൻകാവ് ഹൈസ്കൂൾ സമീപത്തു നിന്നു തുടങ്ങി ആലുങ്കൽ റബ്ബർ നഴ്സറിക്കു സമീപം അവസാനിക്കുന്ന നിലയിലുമാണ് ഉള്ളത് . ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച ആക്ഷേപം ഉള്ളവർ ഡിസംബർ 29 നകം നോർത്ത് പറവൂരിലുള്ള സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, എറണാകുളം683513 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ/ ഇമെയിൽ മുഖേനയോ പരാതികൾ നൽകാം.

ഖാദി തുണിത്തരങ്ങൾക്ക് റിബേറ്റ് 13 മുതൽ

കൊച്ചി: കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് 202324 ക്രിസ്ത്മസ് പുതുവൽസരം പ്രമാണിച്ച് ഖാദി തുണിത്തരങ്ങൾക്ക് ഡിസംബർ 13 മുതൽ 2024 ജനുവരി 6 വരെയുള്ള വില്പനയ്ക്ക് 20 ശതമാനം മുതൽ 30 ശതമാനം വരെ റിബേറ്റ് അനുവദിക്കും. എറണാകുളം ജില്ലയിലെ ഖാദി ബോർഡിന്റെ കീഴിലുള്ള അംഗീകൃത വില്പനശാലകളായ ഖാദിഗ്രാമസൗഭാഗ്യ കലൂർ, നോർത്ത് പറവൂർ, പെരുമ്പാവൂർ, ഖാദി സൗഭാഗ്യ മൂവ്വാറ്റുപുഴ, പായിപ്ര, കാക്കനാട് ഗ്രാമ സൗഭാഗ്യ, പുക്കാട്ടുപടി ഗ്രാമ സൗഭാഗ്യ, പഴന്തോട്ടം, മൂക്കന്നൂർ, ശ്രീമൂലനഗരം എന്നീ വില്പനശാലകളിൽ നിന്നും ഈ ആനുകൂല്യം ലഭിക്കുമെന്ന് ജില്ലാ പ്രോജക്ട് ഓഫീസർ അറിയിച്ചു. .

വാക്ക് ഇൻ ഇന്റർവ്യൂ

കൊച്ചി: എറണാകുളം ആത്മ പ്രൊജക്ട് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് കമ്പ്യൂട്ടർ പ്രോഗ്രാമറുടെയും ഞാറക്കൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അസി. ടെക്നോളജി മാനേജരുടെയും തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഓരോ ഒഴിവുകൾ നിലവിലുണ്ട്. എറണാകുളം ആത്മ പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽ ഡിസംബർ 28ന് രാവിലെ 10 ന് കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിലേക്കും ഡിസംബർ 29ന് രാവിലെ 10 ന് അസി. ടെക്നോളജി മാനേജർ തസ്തികയിലേക്കും വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.ബിടെക്, ഒരു വർഷത്തെ പ്രവൃത്തിപരിചയം / എം സി എ, ഒന്നര വർഷത്തെ പ്രവൃത്തി പരിചയം എന്നീ യോഗ്യതയുള്ളവർക്കും കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിലേക്കും കൃഷി അനുബന്ധ മേഖലയിൽ ബിരുദം / ബിരുദാനന്തര ബിരുദവും ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉള്ളവർക്ക് അസി. ടെക്നോളജി മാനേജർ തസ്തികയിലേക്കും നടത്തുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കാം.

OPTIQ-2023
December
International
University
Progr

ഒപ്റ്റിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ സിമ്പോസിയം ഐഐടി ഡൽഹിയിലെ പ്രൊഫസർ കേഹർ സിങ് ഉദ്ഘാടനം ചെയ്യുന്നു.

കുസാറ്റിൽ അന്താരാഷ്ട്ര സമ്മേളനം ആരംഭിച്ചു

കൊച്ചി: ശാസ്ത്ര സാങ്കേതിക സർവകലാശാല ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സി(ഐ സ്പി) ന്റെ ആഭിമുഖ്യത്തിൽ ഒപ്റ്റിക്സ്, ഫോട്ടോണിക്സ്, ക്വാണ്ടം ഇൻഫർമേഷൻ എന്നിവയെക്കുറിച്ചുള്ള ത്രിദിന അന്താരാഷ്ട്ര സമ്മേളനം ഒപ്റ്റിക്യു2023 ആരംഭിച്ചു. ഒപ ്റ്റിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ സിമ്പോസിയം ഐഐടി ഡൽഹിയിലെ പ്രൊഫസർ കേഹർ സിങ് ഉദ്ഘാടനം ചെയ്തു. ഒപ്റ്റിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് പ്രൊഫ. സി. എസ്. നാരായണമൂർത്തി അധ്യക്ഷനായ ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. പി. ജി. ശങ്കരൻ, കൊച്ചി എൻപിഒഎൽ ഡയറക്ടറും സയന്റിസ്റ്റുമായ എസ് വാസുദേവൻ എന്നിവർ മുഖ്യാതിഥികളായി. ഒപ്റ്റിക്യു2023 ചെയർ പ്രൊഫ. പ്രമോദ് ഗോപിനാഥ്, ഒപ്റ്റിക്യു2023 കൺവീനറും ഐഎസ്പി ഡയറക്ടറുമായ ഡോ. സജി കെ. ജെ എന്നിവർ സംസാരിച്ചു.

ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമായി ഏകദേശം 350 പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും. സമ്മേളനത്തിൽ 5 പ്ലീനറി ചർച്ചകളും 50ലധികം ക്ഷണിക്കപ്പെട്ട പ്രഭാഷണങ്ങളും ഉൾപ്പെടും. 250ഓളം പേപ്പറുകൾ ഓറൽ/പോസ്റ്ററായി അവതരിപ്പിക്കും. കുസാറ്റ് സെമിനാർ കോംപ്ലക്സിൽ നടക്കുന്ന സമ്മേളനം ഡിസംബർ 13 ന് അവസാനിക്കും.

21 റെയിൽവേ സ്റ്റേഷനുകൾക്ക് ഈറ്റ് റൈറ്റ് സ്റ്റേഷൻ അംഗീകാരം

പാലക്കാട് ജംഗ്ഷൻ
PALAKKAD JUNCTION

തിരുവനന്തപുരം: കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾക്ക് എഫ്.എസ്.എസ്.എ.ഐ.യുടെ ഈറ്റ് റൈറ്റ് സ്റ്റേഷൻ അംഗീകാരം ലഭിച്ചു. യാത്രക്കാർക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (എഫ്.എസ്.എസ്.എ.ഐ.) നേതൃത്വത്തിലുള്ള ഈറ്റ് റൈറ്റ് ഇന്ത്യാ മൂവ്മെന്റിന് കീഴിലുള്ള സംരംഭങ്ങളിലൊന്നായ ഈറ്റ് റൈറ്റ് റെയിൽവേ സ്റ്റേഷൻ പദ്ധതിയിലാണ് കേരളത്തിലെ 21 സ്റ്റേഷനുകൾക്ക് അംഗീകാരം ലഭിച്ചത്. രാജ്യത്ത് 114 റെയിൽവേ സ്റ്റേഷനുകൾക്കാണ് ഈറ്റ് റൈറ്റ് സ്റ്റേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചത്. അവയിൽ ഏറ്റവും കൂടുതൽ അംഗീകാരം ലഭിച്ചത് കേരളത്തിനാണ്.

കേരളം ഭക്ഷ്യസുരക്ഷാ രംഗത്ത് നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്കുള്ള മറ്റൊരു അംഗീകാരം കൂടിയാണിതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഭക്ഷ്യ സുരക്ഷാ സൂചികയിൽ അടുത്തിടെ കേരളം ദേശീയ തലത്തിൽ ആദ്യമായി ഒന്നാം സ്ഥാനം നേടിയിരുന്നു. മുൻ വർഷത്തെ വരുമാനത്തെക്കാൾ 193 ശതമാനം അധിക വരുമാനം നേടി 202223 കാലയളവിൽ റെക്കോർഡിട്ടു. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകളുള്ള ആദ്യ സംസ്ഥാനമായി. നല്ല ഭക്ഷണം നാടിന്റെ അവകാശം കാമ്പയിൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്ബ്, ഹൈജീൻ റേറ്റിംഗ്, ഈറ്റ് റൈറ്റ് ക്യാമ്പസ്, ക്ലീൻ ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ മാർക്കറ്റ്, ഉപയോഗിച്ച എണ്ണ തിരിച്ചെടുക്കുന്ന റൂക്കോ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഭക്ഷ്യ സുരക്ഷാ ഗ്രിവൻസ് പോർട്ടലും ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പും യാഥാർത്ഥ്യമാക്കി. ഇത് കൂടാതെയാണ് ഈറ്റ് റൈറ്റ് റെയിൽവേ സ്റ്റേഷൻ പദ്ധതിയും നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

പരപ്പനങ്ങാടി, ചാലക്കുടി, തലശ്ശേരി, കണ്ണൂർ, പാലക്കാട് ജങ്ഷൻ, ചെങ്ങന്നൂർ, ഷൊർണൂർ ജങ്ഷൻ, തിരൂർ, വടകര, ചങ്ങനാശ്ശേരി, ആലപ്പുഴ, വർക്കല, കരുനാഗപ്പള്ളി, അങ്കമാലി, ആലുവ, തിരുവല്ല, കോട്ടയം, കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം, കൊല്ലം എന്നീ റെയിൽവേ സ്റ്റേഷനുകൾക്കാണ് ഈറ്റ് റൈറ്റ് സ്റ്റേഷൻ അംഗീകാരം ലഭിച്ചത്.

റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമിലെ റീട്ടെയിൽ ഔട്ട്ലെറ്റ് (സ്റ്റാറ്റിക്), റീട്ടെയിൽ കം കാറ്ററിംഗ് സ്ഥാപനം, ഫുഡ് പ്ലാസ/ ഫുഡ് കോർട്ടുകൾ/ റെസ്റ്റോറന്റുകൾ (സ്റ്റാറ്റിക്), പെറ്റി ഫുഡ് വെണ്ടർമാർ/ സ്റ്റാളുകൾ/ കിയോസ്കുകൾ (സ്റ്റാറ്റിക്/ മൊബൈൽ), കൂടാതെ സ്റ്റേഷൻ യാർഡിലെ വെയർഹൗസ്, ബേസ് കിച്ചൺ തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ കീഴിൽ വരുന്നവയാണ്. ഇവിടെയെല്ലാം ഭക്ഷ്യ സുരക്ഷാ ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടാണ് ഭക്ഷണം പാകം ചെയ്യുന്നതെന്നും യാത്രക്കാർക്ക് ഭക്ഷണം നൽകുമ്പോഴും സുരക്ഷാ മാനദണ്ഡം പാലിക്കുന്നുണ്ടെന്നും എഫ്.എസ്.എസ്.എ.ഐ. ഉറപ്പ് വരുത്തിയ ശേഷമാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ഈ പദ്ധതി പ്രകാരം സർട്ടിഫൈ ചെയ്യണമെങ്കിൽ സ്റ്റേഷൻ കോംപ്ലക്സിലെ മുഴുവൻ ഭക്ഷ്യ സംരംഭകരും എഫ്.എസ്.എസ്.എ.ഐ. റജിസ്ട്രേഷൻ/ ലൈസൻസ് നിർബന്ധമായും കരസ്ഥമാക്കിയിട്ടുണ്ടാവണം. കുടാതെ സ്റ്റേഷനിലെ സ്ഥാപനങ്ങളിൽ ഭക്ഷണം കൈകാര്യം ചെയ്യുന്നവർ എഫ്.എസ്.എസ്.എ.ഐ.യുടെ ഫോസ്റ്റാക് പരിശീലനം ലഭിച്ച സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടാവണം.

സോളാറിൽ നിന്നും വൈദ്യുതി: ഹരിതോർജ്ജ നിർമ്മാണത്തിൽ അദാനി ലോകത്തിലെ തന്നെ രണ്ടാമൻ

മുംബൈ: ഭൗമതാപനം കുറയ്ക്കാൻ ഒരേയൊരു മാർഗ്ഗം ഹരിതോർജ്ജമാണെന്നിരിയ്ക്കെ അദാനി ആ മേഖലയിൽ ശക്തമായി ചുവടുറപ്പിക്കുകയാണ്. ഇപ്പോൾ ലോകത്തിലെ ഫോട്ടോവോൾട്ടിക് സെൽ ഉപയോഗിച്ച് സൗരോർജ്ജത്തെ ഹരിതോർജ്ജമാക്കി മാറ്റുന്ന വ്യവസായത്തിൽ അദാനി ഗ്രീൻ എനർജി ലോകത്തിലെ രണ്ടാമത്തെ കമ്പനിയായി തെരഞ്ഞെടുക്കപ്പെട്ടു. ക്ലീൻ എനർജിയിൽ ഗവേഷണഗ്രൂപ്പായ മെർകോം കാപിറ്റൽ പുറത്തുവിട്ട ലിസ്റ്റിലാണ് അദാനി ഗ്രൂപ്പ് ഫോട്ടോവോൾടിക് സെൽ വഴി സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി നിർമ്മിക്കുന്നതിൽ അദാനി ഗ്രീൻ എനർജിയ്ക്ക് ലോകത്തിലെ രണ്ടാം സ്ഥാനം നൽകിയിരിക്കുന്നത്.

2022 ജൂൺ മുതൽ 2023 ജൂലായ് വരെയുള്ള ഒരു വർഷക്കാലത്തെ കണക്ക് പ്രകാരമാണ് അദാനിയെ ലിസ്റ്റിൽ രണ്ടാം സ്ഥാനത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. ഫ്രാൻസിലെ ടോട്ടൽ എനർജിയാണ് ഒന്നാം സ്ഥാനത്ത്. കണക്കെടുക്കുമ്പോൾ ഒരു മെഗാവാട്ടോ അതിൽ കൂടുതലോ ഉള്ള പദ്ധതികൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ പദ്ധതികളുടെ പ്രവർത്തനക്ഷമത, നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ, വൈദ്യുതി വാങ്ങുമെന്ന കരാർ നിശ്ചയിച്ചു കഴിഞ്ഞ പദ്ധതികൾ എന്നിവ കണക്കിലെടുത്താണ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഫ്രാൻസിലെ ടോട്ടൽ എനർജി ഈ രംഗത്തെ ഭീമനാണ്. 41.3 ജിഗാവാട്ട് വൈദ്യുതിയാണ് ടോട്ടർ എനർജി ഫോട്ടോവോൾടിക് സോളാർ (സോളാർ പിവി) വഴി ഉൽപാദിപ്പിക്കുന്നത്. എന്നാൽ അദാനിയുടെ കമ്പനികളാകട്ടെ ആകെ ഉൽപാദിപ്പിക്കുന്നത് ഇതിന്റെ പകുതിയിൽ താഴെ മാത്രമാണ്. 18.1 ജിഗാവാട്ട് ഹരിത വൈദ്യുതി. കാനഡയിലെ ബ്രൂക്ക്ഫീൽഡ് റിന്യൂവബിൾസാണ് മൂന്നാം സ്ഥാനത്ത്. 18 ജിഗാ വാട്ട്.

തങ്ങളെ ലോകത്തിലെ രണ്ടാമത്തെ സോളാർ പിവിവഴി ഹരിത ഊർജ്ജം നിർമ്മിക്കുന്ന കമ്പനിയായി തെരഞ്ഞെടുത്തതിൽ സന്തോഷമുണ്ടെന്ന് അദാനി എക്സിൽ പ്രതികരിച്ചു. 2030ൽ 45 ജിഗാവാട്ട് എന്ന ലക്ഷ്യം കൈവരിക്കുമെന്നും ഈ അംഗീകാരം ഹരിത ഊർജ്ജ നിർമ്മാണരംഗത്ത് ശക്തമായി നിലകൊള്ളാനുള്ള പ്രചോദനമായെന്നും അദാനി ട്വീറ്റിൽ കുറിച്ചു. 2030ൽ 45 ജിഗാവാട്ട് ഹരിതോർജ്ജം ഉൽപാദിപ്പിക്കാനുള്ള പദ്ധതിയ്ക്കായി 7500 കോടി ഡോളർ ആണ് അദാനി ഗ്രീൻ എനർജി നിക്ഷേപിക്കുക.

സെമികണ്ടക്ടർ വസ്തുക്കൾ ഉപയോഗിച്ചാണ് ഫോട്ടോ വോൾടിക് സെൽ ഉണ്ടാക്കുക. നാല് തലമുടിനാരിന്റെ മാത്രം കട്ടിയുള്ള ഈ സെല്ലിനെ സുരക്ഷിതമാക്കാൻ ചില്ലോ പ്ലാസ്റ്റിക്കോ കൊണ്ട് പൊതിയും. ഈ ഫോട്ടോ വോൾടിക് സെല്ലുകൾ അതിൽ വന്നുവീഴുന്ന സൂര്യപ്രകാശം വലിച്ചെടുത്ത് വൈദ്യുതോർജ്ജമാക്കിമാറ്റുമെന്നതാണ് ഇതിലെ സാങ്കേതിക വിദ്യ.

അനധികൃത ഖനനം: റെക്കോർഡ് നേട്ടവുമായ ജില്ല

നടപ്പുസാമ്പത്തിക വർഷം ഇതുവരെ പിരിച്ചെടുത്തത് 47.20 കോടി രൂപ

കൊച്ചി: അനധികൃത ഖനനം നടത്തുന്നവർക്ക് എതിരേ കർശന നടപടി ഖനന മേഖലയിൽ നടപ്പുസാമ്പത്തിക വർഷത്തിൽ റെക്കോർഡ് നേട്ടവുമായി എറണാകുളം ജില്ല. നവംബർ 30 വരെയുള്ള കാലയളവിൽ 47.20 കോടി രൂപയാണ് മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിൽ പിരിച്ചെടുത്തത്. ഇതിൽ നവംബർ മാസം മാത്രം 14.03 കോടി രൂപയാണ് പിടിച്ചെടുത്തത്.കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ജില്ലയിൽ പിരിച്ചെടുത്ത തുകയേക്കാൾ റെക്കോർഡ് വർദ്ധനയാണ് ഇത്തവണ ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം നവംബർ വരെ 18.98 കോടി രൂപയാണ് പിരിച്ചെടുത്തത്. ഖനന നിർമ്മാണ മേഖലയിലെ റോയൽറ്റിയും വിവിധതരം ഫീസുകളും പിരിച്ചെടുക്കുന്നതിൽ ജില്ലയ്ക്ക് മികച്ച നേട്ടമാണ്.

സംസ്ഥാനത്ത് ഖനന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുമത്തിയിട്ടുള്ള റോയൽറ്റിയും വിവിധതരം ഫീസുകളും കാര്യക്ഷമമായി പിരിച്ചെടുത്തതാണ് നേട്ടത്തിന് കാരണം. അനധികൃത ഖനനം, അളവിൽ കൂടുതൽ ഖനനം തുടങ്ങിയ വിഭാഗങ്ങളിലായാണ് ജില്ലയിൽ തുക പിരിച്ചെടുത്തത്. കൂടാതെ ഇ ഓഫീസ് സംവിധാനം, കോമ്പസ് സോഫ്റ്റ്‌വെയർ തുടങ്ങിയ സർക്കാരിന്റെ പരിഷ്കരണങ്ങളും, ജില്ലയിൽ നടപ്പിലാക്കിയ മിനറൽ സ്ക്വാഡിന്റെ പ്രവർത്തനങ്ങളും തുക പിരിച്ചെടുക്കുന്നതിൽ ജില്ലയ്ക്ക് സഹായകമായി. അനധികൃത ഖനനം ജില്ലയിൽ നടക്കുന്നത് കണ്ടെത്തുക, അതിനെതിരെ നടപടി സ്വീകരിക്കുക, പിഴ ഈടാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് മിനറൽ സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്നത്. അനധികൃത ഖനനം നടത്തുന്നവർക്ക് എതിരേ കടുത്ത നടപടി തുടർന്നും സ്വീകരിക്കുമെന്നും മൈനിങ് ആൻഡ് ജിയോളജി വകുപ്പ് അധികൃതർ അറിയിച്ചു.

എറണാകുളം മെഡിക്കൽ കോളേജ്: കളർ കോഡിൽ സ്റ്റേ പാസ്സ് സംവിധാനംപുതിയ രീതിയിൽ

കൊച്ചി: കളമശേരിയിലെ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്റ്റേ പാസ്സ് വിതരണം പരിഷ്കരിച്ചു. നിലവിൽ ഒരു രോഗിയെ ആശുപത്രിയിൽ ചികിത്സക്കായി പ്രവേശിപ്പിക്കുമ്പോൾ കൂട്ടിരിപ്പുകാർക്ക് ഒരു സ്റ്റേ പാസ്സ് നൽകുകയും ഈ പാസ്സ് മുഖേന രോഗി ആശുപത്രി വാസം അവസാനിച്ചു പോകുന്നത് വരെ ഈ പാസ്സിന് കാലാവധി നൽകുകയും ചെയ്തിരുന്നു. എന്നാൽ പുതുതായി ക്രമീകരിച്ചിട്ടുള്ള സ്റ്റേ പാസ്സ് സംവിധാനത്തിൽ വിവിധ നിറത്തിലാണ് ഓരോ ആഴ്ചയിലെയും സ്റ്റേ പാസ്സ് നൽകുന്നത്.

ഒരാഴ്ച്ചക്കാലം മാത്രമായിരിക്കും സ്റ്റേ പാസ്സ് കാലാവധി നൽകുക. ഞാറാഴ്ച്ചകളിൽ ആരംഭിച്ച് ശനിയാഴ്ച്ചയിൽ അവസാനിക്കുന്ന പാസ്സ് ഓരോ ആഴ്ച്ചയിലും വ്യത്യസ്ത കളർ കോഡ് സംവിധാനത്തിലാണ് നൽകുക.

ഈ സംവിധാനം നിലവിൽ വരുന്നതോടെ അനധികൃതമായി സ്റ്റേ പാസ്സ് കൈവശം സൂക്ഷിച്ച് ആശുപത്രിയിൽ കടന്നു കൂടുന്നവരെയും സാമൂഹ്യ വിരുദ്ധരെയും തടയാനാകും.

രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ആശുപത്രി ജീവനക്കാരുടെയും സുരക്ഷാ ഉറപ്പുവരുത്തുന്നതിനാണ് വർണാധിഷ്ഠിത, വാരാധിഷ്ഠിത സ്റ്റേ പാസ്സ് സംവിധാനം നടപ്പിലാക്കുന്നത്.

അപേക്ഷ ക്ഷണിച്ചു

കൊച്ചി: കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയുടെ 202324 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുള്ളത്. എസ്.എസ്.എൽ.സി, പ്ലസ് ടു, ഗ്രാജുവേഷൻ, പ്രൊഫഷണൽ ഡിഗ്രി എന്നീ തലങ്ങളിലാണ് ധനസഹായം അനുവദിക്കുന്നത്. അപേക്ഷകർ 202223 അക്കാദമിക് വർഷത്തിൽ മേൽ പരാമർശിച്ചിട്ടുള്ള തലങ്ങളിൽ പഠനം പൂർത്തീകരിച്ചതും 202324 വർഷം യോഗ്യതാ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും ആയിരിക്കണം. വിശദവിവരങ്ങളും അപേക്ഷയും കേരള ക്ഷീരകർഷക ക്ഷേമനിധിയുടെ വെബ്സൈറ്റായ www.kdfwf.org ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ക്ഷീരവികസന ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2023 ഡിസംബർ 30.

കൗൺസലിംഗ് സൈക്കോളജി പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം

കൊച്ചി: സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. സർട്ടിഫിക്കറ്റ് കോഴ്സിന് ആറുമാസവും ഡിപ്ലോമ കോഴ്സിന് ഒരു വർഷവുമാണ് കാലാവധി. 18 വയസ്സിനു മേൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷ9 ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവരങ്ങൾ wwws.rcc-c.in വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31. ജില്ലയിലെ പഠനകേന്ദ്രം ആശ്രയ് സെന്റർ ഫോർ സൈക്കോളജിക്കൽ കൗൺസലിംഗ്, തോപ്പുംപടി, എറണാകുളം. ഫോൺ 9061355337.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com

Better Homes, Better Lives !
SHOT AT OWN SITE

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE &
SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663